**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ബിരുദ/ ബിരുദാനന്തര ബിരുദ പ്രവേശനം - സ്കൗട്ട്സ്& ഗൈഡ്സ് ബാഡ്ജ്/ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബോണസ് മാർക്ക് അനുവദിക്കുന്നതു സംബന്ധിച്ച് പഠന റിപ്പോർട്ട് സമർപ്പിക്കുന്നത് - സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിജു തോമസ്, ഡോ.വർഗീസ് കെ.ചെറിയാൻ എന്നിവരെ നിയോഗിച്ചുകൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3176/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 08.07.2021

---

*പരാമർശം:*-1.28.07.2020 തീയതിയിൽ കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് സ്റ്റേറ്റ് സെക്രട്ടറി സമർപ്പിച്ച കത്ത്
2.സർവ്വകലാശാല ഉത്തരവ് നമ്പർ 120/ACA1/2021/എം.ജി.യു തീയതി.07.01.2021
3.24.05.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നമ്പർ 205/21.02/34305/AC A1-2/2020

**ഉത്തരവ്**

സർവ്വകലാശാലയിലെ ബിരുദ/ ബിരുദാനന്തര ബിരുദ പ്രവേശനത്തിന് സ്കൗട്ട് & ഗൈഡ് വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുള്ള ബാഡ്ജിന്റെ/ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം ബോണസ് മാർക്ക് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്, സ്റ്റേറ്റ് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു.

## മാനദണ്ഡങ്ങൾ

**ബിരുദപ്രവേശനം -15 മാർക്ക്**
**[രാജ്യപുരസ്കാർ സർട്ടിഫിക്കറ്റ്(സംസ്ഥാന ഗവർണറിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്)/നന്മമുദ്ര സർട്ടിഫിക്കറ്റ്(പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ലഭിക്കുന്നത്)]**

**ബിരുദാനന്തര ബിരുദ പ്രവേശനം - 5 മാർക്ക്**
**(രാജ്യപുരസ്കാർ/ നന്മമുദ്ര സർട്ടിഫിക്കറ്റ്)**

സമാനമായ സാഹചര്യത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളായിട്ടുള്ള വിദ്യാർത്ഥികൾക്ക് വെയിറ്റേജ് മാർക്ക് അനുവദിക്കണമെന്നുള്ള അപേക്ഷയിന്മേൽ ബന്ധപ്പെട്ട വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു സമിതിയെ രൂപീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.ടി സമിതിയുടെ പഠന റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

സ്കൗട്ട് & ഗൈഡ് വിദ്യാർത്ഥികൾക്ക് ബോണസ് മാർക്ക് അനുവദിക്കണമെന്നുള്ള അപേക്ഷ പരിഗണിച്ചുകൊണ്ട്,പരാമർശം (3) പ്രകാരം 24.05.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം "പ്രസ്തുത വിഷയം കൂടി ഉൾപ്പെടുത്തി വിശദമായ ഒരു പഠന റിപ്പോർട്ട് സമർപ്പിക്കാൻ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിജു തോമസ്, ഡോ.വർഗീസ് കെ.ചെറിയാൻ എന്നിവരെ നിയോഗിക്കാൻ തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ഡോ. ബിജു തോമസ്, സിൻഡിക്കേറ്റ് അംഗം
2.ഡോ.വർഗീസ് കെ.ചെറിയാൻ,സിൻഡിക്കേറ്റ് അംഗം
3.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4.രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ

Draft #2 of File 34305/AC A1-2/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 06-Jul-2021 11:01 PM - Page 1

5.എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
6. പി.ആർ.ഒ./ഐ.ക്യു.എ .സി
7. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
8. എസിഎ 1/ എസി എ 4/ എസി എ 7/ എസി എ 9/ എസി എ 12/ എസി ബി.6
9.എസി ബി 7/ എ സി സി 1/എ സി സി 2 / ആക്ഷൻ ടേക്കൺ റിപ്പോർട്ട്
10.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 34305/AC A1-2/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 06-Jul-2021 11:01 PM - Page 2